"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന് ക്ലോഷർ പീരിഡിൽ ഈറ്റ അനുവദിക്കുന്നതിന് ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.300/2024/F&WLD തീയതി,തിരുവനന്തപുരം, 10-07-2024

---

പരാമർശം:-

1) 27/5/2023-ലെ സ.ഉ (സാധാ) 207/2023/വനം നമ്പർ സർക്കാർ ഉത്തരവ്

2) കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ ചെയർമാൻ 9/2/2024-ൽ ബഹു.വനം വന്യജീവി വകുപ്പ മന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനം.

3) പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) -ന്റെ 16/3/2024-ലെ പ്രൊ(4)-292732/22 നമ്പർ കത്ത്.

4) ബഹു.വ്യവസായ വകുപ്പമന്ത്രിയുടെയും, ബഹു. വനം വന്യജീവി വകുപ്പമന്ത്രിയുടെയും അധ്യക്ഷതയിൽ 19/6/2024-ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

ക്ലോഷർ പിരീഡിന് മുമ്പ് മൂന്ന് മാസത്തേക്ക് മുൻകൂട്ടി ഈറ്റ ശേഖരിച്ച് കേട് കൂടാതെ സൂക്ഷിക്കാനുള്ള നടപടി ബാംബൂ കോർപ്പറേഷൻ കൈക്കൊള്ളേണ്ടതാണെന്ന് പരാമർശം 1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന് അസംസ്കൃത വസ്തുവായ ഈറ്റ അനിവാര്യമാണെന്നും, 2024 വർഷത്തിലും ഈറ്റ ശേഖരിക്കുന്നതിന് അനുമതി നൽകണമെന്നും ആവശ്യപ്പെട്ട് കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ് ബഹു.വനം വന്യജീവി വകുപ്പ് മന്ത്രിയ്ക്ക് പരാമർശം 2) പ്രകാരം നിവേദനം സമർപ്പിച്ചിരുന്നു.

2) ക്ലോഷർ പീരിയഡ് കാലഘട്ടമായ ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ഈറ്റ ശേഖരണം നടത്തുന്നത് ഈറ്റയുടെ സ്ഥായിയായ നിലനിൽപ്പിനെ ദോഷകരമായി ബാധിക്കുന്നതാണെന്നും, പുതുതായി നാമ്പുകൾ ഉണ്ടാകുന്ന ഈ പിരീഡിൽ പുതുനാമ്പുകളുടെ നാശത്തിന് കാരണമാകുമെന്നും, ഈറ്റയുടെ നിലനിൽപ്പിനെയും, ലഭ്യതയേയും ദോഷകരമായി ബാധിക്കുന്നതിനാൽ ക്ലോഷർ പിരീഡിൽ ഈറ്റ ശേഖരിക്കുന്നത് അനുവദിക്കാവുന്നതല്ലായെന്ന് പരാമർശം 3) പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) റിപ്പോർട്ട് ചെയ്തിരുന്നു. ക്ലോഷർ പീരിഡ് മുളയുടെ നിലനിൽപ്പിന് അനിവാര്യമാണെന്നും കേന്ദ്രനിയമം അപ്രകാരമാണ് അനുശാസിക്കുന്നതെന്നും, വർക്കിംഗ് പ്ലാൻ അനുസരിച്ച് മൂന്നുമാസം ക്ലോഷർ പിരീഡ് ആണെന്നും അതിൽ നിന്നും വ്യതിചലിക്കുന്നതിന് ഇളവ് ആവശ്യമാണെന്നും അതിന് ഉന്നതതല തീരുമാനം ആവശ്യമാണെന്നും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) അറിയിക്കുകയുണ്ടായി.

3) കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന് അസംസ്കൃത വസ്തുവായ ഈറ്റ ആവശ്യമായതിനാലും, ക്ലോഷർ പീരിയഡ് മുളയുടെ നിലനിൽപ്പിന് അനിവാര്യമായതിനാലും, വ്യവസ്ഥകളോടെ ഈറ്റ ശേഖരണത്തിന് ബാംബൂ കോർപ്പറേഷന് ഇളവ് നൽകുന്നതിന് പരാമർശം 4) പ്രകാരം ചേർന്ന ഉന്നതതല യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

4) മേൽ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് ബാംബൂ കോർപറേഷന് അസംസ്കൃത വസ്തുവായ ഈറ്റ ക്ലോഷർ പീരീഡിലും അനിവാര്യമാണെന്ന സാഹചര്യം പരിഗണിച്ച് 2024- ലെ ക്ലോഷർ പീരിഡിലേക്ക മാത്രം ഈറ്റ ശേഖരണത്തിന് കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന് താഴെ പറയുന്ന വ്യവസ്ഥകളോടെ ഇളവ് അനുവദിച്ചുകൊണ്ടും, വനത്തിൽ നിന്നും ഈറ്റ ശേഖരിക്കുന്നതിന് ബാംബൂ കോർപ്പറേഷനെ അനുവദിക്കുന്നതിന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)-ന് അനുമതി നൽകിക്കൊണ്ടും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

- ഈറ്റ വെട്ടുമ്പോൾ പുതുതായി വരുന്ന നാമ്പുകൾക്കു ദോഷം ഉണ്ടാകാത്ത രീതിയിൽ "Selective felling" മാതൃക അവലംബിക്കുന്നു എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പു വരുത്തേണ്ടതാണ്.
- ഇക്കാര്യത്തിൽ ബാംബൂ കോർപറേഷൻ വീഴ്ച വരുത്തുന്ന പക്ഷം തുടർസഹായം ലഭ്യമാക്കുന്നതല്ല.
- ഈറ്റ കൂടുതലുള്ള സ്ഥലങ്ങളിൽ നിന്ന് ഓരോ വർഷവും rotation വ്യവസ്ഥയിൽ ഈറ്റ വെട്ടുന്നതിന് അനുമതി നൽകുന്ന വിഷയം പരിശോധിക്കേണ്ടതാണ്.
- ഈറ്റ വെട്ടുന്നതിനുള്ള ഏരിയ സംബന്ധിച്ച് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) വ്യക്തത ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ, പി.ബി.നമ്പർ. 20, അങ്കമാലി സൗത്ത്, പിൻ- 683 573, എറണാകുളം.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫിനാൻസ്, ബഡ്ജറ്റ് & ഓഡിറ്റ്) ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ & ഇ), കേരള, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Ramjan P A
സെക്ഷൻ ഓഫീസർ
Date: 11-07-2024 12:48:43

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ ഓഫീസിന്/ ബഹു. വനം വന്യജീവി വകുപ്പ് മന്ത്രിയുടെ ഓഫീസിന്/ ബഹു. വ്യവസായ വകുപ്പുമന്ത്രിയുടെ ഓഫീസിന്/ വനം വന്യജീവി വകുപ്പ് അഡീഷണൽ ചീഫ്

സെക്രട്ടറിയുടെ ഓഫീസിന് / വ്യവസായ (കെ) വകുപ്പിന്.